## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 142 - 11/06/2012-ലെ മറുപടിക്ക്

### യു.ഡി.എഫ്. സർക്കാരിന്റെ പദ്ധതി പ്രവർത്തന അവലോകനം

**ചോദ്യം**

ശ്രീ. എം.എ.ബേബി

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) യു.ഡി.എഫ്. സർക്കാരിന്റെ ആദ്യ വർഷത്തെ പദ്ധതി പ്രവർത്തന(2011-12) ത്തിന്റെ അവലോകനത്തിന്റെയടിസ്ഥാനത്തിൽ ലക്ഷ്യവും കോട്ടവും സംബന്ധിച്ച് വിശദമാക്കാമോ; | വകുപ്പുതല താല്കാലിക കണക്കനുസരിച്ച് 2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കലായ 12010 കോടി രൂപയിൽ 10596.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭൗതികമായ വിലയിരുത്തൽ നടത്തുന്നതിലേക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള പെർഫോമൻസ് മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ സിസ്റ്റം സംസ്ഥാനത്ത് 2011-12 വർഷത്തിൽ നടപ്പിലാക്കിയതിന്റെ ഭാഗമായി 36 ഭരണ വകുപ്പുകളുടെ ലക്ഷ്യങ്ങളും പരിപാടികളും വിശദമാക്കുന്ന റിസൾട്ട്സ് ഫ്രെയിംവർക്ക്സ് ഡോക്യുമെന്റ് തയ്യാറാക്കി പ്രസിദ്ധികരിച്ചിരുന്നു. കൃഷി, അടിസ്ഥാന സൗകര്യവികസനം, വിദ്യാഭ്യാസം, വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും, സാമൂഹ്യസുരക്ഷയും ക്ഷേമവും, പട്ടികജാതി പട്ടികവർഗ്ഗവികസനം, വെള്ളപ്പൊക്ക നിയന്ത്രണം തുടങ്ങിയ സുപ്രധാന മേഖലകളുടെ സമഗ്ര വികസനമായിരുന്നു ഈ വാർഷിക പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നത്. സമഗ്ര ആരോഗ്യപദ്ധതിയുടെ വിപുലീകരണം, തീവ്രപരിചരണം വേണ്ടിവരുന്ന കാൻസർ രോഗികൾക്കും ഹൃദ്രോഗികൾക്കും പ്രത്യേക ആരോഗ്യ പരിരക്ഷാ സംവിധാനം, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത-ബാധിതർക്കുള്ള പ്രത്യേക പാക്കേജ്, ഭക്ഷ്യസുരക്ഷാ പദ്ധതികൾക്ക് തുടർന്നുവരുന്ന വർദ്ധിച്ച ഊന്നൽ, സ്ക്കൂളുകളിൽ പെൺകുട്ടികൾക്ക് ടോയ്‌ലറ്റ് സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കൽ, അങ്കൻവാടി ജീവനക്കാർക്കും 'ആഷാ' പ്രവർത്തകർക്കും പാരിതോഷികം, ജോലിയിലിരിക്കെ അപകടങ്ങളിൽപ്പെട്ട് അംഗവൈകല്യം സംഭവി- |

| | |
|---|---|
| | ക്കുന്നവർക്ക് വികലാംഗ പെൻഷൻ, മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വരുമാന സഹായ പദ്ധതി തുടങ്ങിയവയാണ് കഴിഞ്ഞ വർഷത്തെ പദ്ധതി നടത്തിപ്പിലെ സുപ്രധാന നേട്ടങ്ങൾ. |
| (ബി)പദ്ധതി അടങ്കൽ എത്ര കോടിയായിരുന്നു, ചെലവഴിക്കാൻ കഴിയാതെ പോയത് എത്ര കോടിയുടെ അടങ്കലായിരുന്നു; | വകുപ്പുതല താല്കാലിക കണക്കനുസരിച്ച് 2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കലായ 12010 കോടി രൂപയിൽ 10596.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി)വിദേശ സഹായത്തോടെയുള്ള പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ വന്നത് ഏതൊക്കെയായിരുന്നു; വിശദമാക്കാമോ; | 2011-12 വാർഷിക പദ്ധതിയിൽ വിദേശ സഹായത്തോടെ എട്ട് പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നു. ഇതിനായി 1042.95 കോടി രൂപ വകയിരുത്തിയതിൽ 533.25 കോടി രൂപയാണ് 31.03.2012 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ടത്. കണക്കുകൾ താഴെ കാണും പ്രകാരം: |

| ക്രമ. നം: | പദ്ധതി | 2011-12-ലെ പദ്ധതി തുക (തുക കോടിയിൽ) | 2011-12ൽ ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി (JBIC) | 500.00 | 193.07 |
| 2 | ജലനിധി പദ്ധതി (World Bank) | 112.50 | 25.00 |
| 3 | നാഷണൽ ഹൈഡ്രോളജി പദ്ധതി (ഗ്രൗണ്ട്വാട്ടർ) (World Bank) | 3.00 | 1.44 |
| 4 | ഡ്രിപ്പ് പദ്ധതി (Power) (World Bank) | 36.00 | 0.00 |
| 5 | നാഷണൽ ഹൈഡ്രോളജി പദ്ധതി (സർഫസ് | 2.45 | 1.53 |

| | | | |
|---|---|---|---|
| | വാട്ടർ) (World Bank) | | |
| 6 | ഡ്രിപ്പ് പദ്ധതി (Water Resource) (World Bank) | 34.00 | 0.00 |
| 7 | KSUDP (ADB) | 105.00 | 77.95 |
| 8 | KSTP (World Bank) | 250.00 | 234.26 |

| | |
|---|---|
| (ഡി)കേന്ദ്ര സഹായ പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതൊക്കെയാണ്; വിശദമാക്കാമോ; | വകുപ്പ്തല താല്കാലിക കണക്കനുസരിച്ച് 2011-12 സാമ്പത്തിക വർഷം 100% കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 83 ശതമാനവും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 100 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്. |
| (ഇ)അൻപത് ശതമാനത്തിൽ താഴെ മാത്രം ചെലവ് വരുത്തിയ വകുപ്പുകൾ ഏവ; അവയുടെ അടങ്കലും ചെലവും സംബന്ധിച്ച് വിശദമാക്കാമോ? | വകുപ്പുതല താല്കാലിക കണക്കനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം അൻപത് ശതമാനത്തിൽ താഴെ ചെലവ് വരുത്തിയത് ജലവിഭവ വകുപ്പാണ്. ഇതിന്റെ അടങ്കലും ചെലവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |

| വകുപ്പുകൾ | അടങ്കൽ | ചെലവ് |
|---|---|---|
| ജലവിഭവം | 1543.88 | 647.16 |

സെക്ഷൻ ഓഫീസർ.